11223/2023

DWCD/5809/2022-ICDSB2

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :14-02-2023
Email -wcdicdsb2@gmail.com
Phone : 0471 – 2346508

**സർക്കുലർ**

വിഷയം: വനിതാ ശിശുവികസന വകുപ്പ്- ഐസിഡിഎസ്- വിവ പ്രോഗ്രാം- വിളർച്ച പരിശോധന സംബന്ധിച്ച്:-

സൂചന: ബഹു.വനിത ശിശുവികസന ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 05.01.2023 ൽ ചേർന്ന യോഗ തീരുമാനം.

. കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ച എന്ന പ്രശ്നം പഠിക്കുവാനും വിളർച്ച നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പരിപാടികൾ ആവിഷ്കരിക്കാനും ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു.

ഇതിന്റെ ഭാഗമായി "വിവ"-വിളർച്ചയിൽനിന്ന് വളർച്ചയിലേക്ക്, എന്ന പരിപാടി ആരോഗ്യവകുപ്പിന്റെ നേതൃത്തത്തിൽ വനിത ശിശുവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടിക വർഗ വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിക്കുകയാണ് .പ്രസ്തുത പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഫെബ്രുവരി 18ന് ബഹു. മുഖ്യമന്ത്രി കണ്ണൂർ തലശ്ശേരിയിൽ വച്ച് നിർവഹിക്കും.

തുടർ പ്രവർത്തനമായി 15-59 വയസ് വരെയുള്ള സ്ത്രീകളുടെ ഹീമോഗ്ലോബിൻ പരിശോധന ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 18 മുതൽ അടുത്ത 6 മാസം അങ്കണവാടികളിലും മറ്റിടങ്ങളിലും ആയി നടത്തുന്നതാണ്.

ടി പരിപാടിയുടെ പരിപൂർണ്ണ വിജയത്തിനായി ഹീമോഗ്ലോബിൻ പരിശോധനയ്ക്കായി 15-59 വയസു വരെ പ്രായമുള്ള സ്ത്രീകളെ പങ്കെടുപ്പിക്കുന്നതിനോടൊപ്പം തന്നെ ആരോഗ്യവകുപ്പിന് പ്രസ്തുത പ്രോഗ്രാമിന് തുടർന്ന് ആവശ്യമുള്ള എല്ലാ സഹായസഹകരണങ്ങളും നൽകണമെന്ന ശിശുവികസന പദ്ധതി ഓഫീസർമാരോടും ഐസിഡിഎസ് സൂപ്പർവൈസർമാരോടും നിർദ്ദേശിക്കുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ,പ്രോഗ്രാം ഓഫീസർമാർ എന്നിവർ ആരോഗ്യ വകുപ്പുമായി ചേർന്ന് പരിപാടിക്കാവശ്യമായ ഏകോപനം ജില്ലാതലത്തിൽ നടത്തേണ്ടതുമാണ്.

കൂടാതെ ഇതുമായി ബന്ധപ്പെട്ട IEC, BCC(Behaviour change communication) പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ഗുണഭോക്താക്കളും പങ്കാളികൾ ആകുന്ന എന്നും അനീമിയ നിർമാർജന പ്രവർത്തനങ്ങളിൽ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്നും നിർദേശിക്കുന്നു.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

2023

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :എല്ലാ സൂപ്പർവൈസർമാർക്കും

Signed by Priyanka G
Date: 14-02-2023 13:24:11